തെറ്റായി അയച്ചുപോയതാണെന്നാണ് ഞാനവിടെ ചെന്നപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ എന്നോട് പറഞ്ഞത്. അബദ്ധത്തിൽ അയച്ചുകഴിഞ്ഞതിനുശേഷം തെറ്റാണെന്ന് മനസ്സിലായപ്പോൾത്തന്നെ അത് പിൻവലിക്കുകയും ചെയ്തു. ഏതായാലും ഇത് സംബന്ധിച്ച് ജനങ്ങളുടെയിടയിൽ ആശങ്കയുണ്ടെന്ന് ശ്രീ. പുരുഷൻ കടലുണ്ടി ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഞാനവിടെ ചെന്നപ്പോൾത്തന്നെ അയ്യായിരത്തോളം ആളുകൾ അവിടെ തടിച്ചുകൂടിയിരുന്നു. അദ്ദേഹത്തിന്റെ ദുരവ്യോഗത്തിൽ ജനങ്ങൾക്ക് അത്രമാത്രം വികാരമുണ്ട് എന്നുള്ളത് ശരിയാണ്. അദ്ദേഹത്തിന്റെ ഭാര്യയും രണ്ട് പിഞ്ചുകുട്ടികളും മാത്രമാണ് ആ വീട്ടിലുള്ളത്. ഈ ഉദ്യോഗസ്ഥനെപ്പറ്റി പൊതുവെ നല്ല അഭിപ്രായമാണ് അവിടെ എല്ലാവർക്കുമുള്ളത്. ഏതായാലും പോലീസ് ലഭ്യമാക്കിയ റിപ്പോർട്ട് മാത്രമായി ഞാൻ പരിഗണിക്കുന്നില്ല. ഇതുസംബന്ധിച്ച് അപ്പോൾത്തന്നെ നോർത്ത് എ.ഡി.ജി.പി. ശ്രീ. നിതിൻ അഗർവാളിനോട് റിപ്പോർട്ട് നൽകാൻ പറഞ്ഞിട്ടുണ്ട്. "റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ എന്തുവേണമെന്ന് ഗവൺമെന്റ് തീരുമാനിക്കും. വളരെ ദുഃഖകരമായ ഒരു സംഭവമാണിത്; ഒരിക്കലും നീതീകരിക്കാൻ കഴിയുന്നതല്ല. ഒരു സംഭവമുണ്ടായാൽ ചിലപ്പോൾ പോലീസിന് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യേണ്ടി വരും. അത് പോലീസിൽ വേണ്ടിവരുന്ന കാര്യമാണ്. അങ്ങനെയുള്ള സന്ദർഭത്തിൽ എല്ലാവരും ആത്മഹത്യ ചെയ്യാൻ തുടങ്ങിക്കഴിഞ്ഞാൽ ഒന്നിനും പരിഹാരമാകില്ല. പക്ഷേ ഈ സംഭവത്തെ അങ്ങനെയൊരു ലാഘവത്തോടുകൂടി കാണാൻ കഴിയില്ല. അവിടെ ജനങ്ങൾ മാധ്യമങ്ങളെവരെ ബഹിഷ്കരിക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങളെത്തി. വളരെയധികം സെൻസിറ്റീവായ വിഷയമാണിത്. ഏതായാലും റിപ്പോർട്ട് ലഭിക്കട്ടെ എന്നാണ് എനിക്ക് പറയാനുള്ളത്. ആത്മഹത്യ ചെയ്താൽ സാധാരണഗതിയിൽ ഗവൺമെന്റിൽ നിന്നും സാമ്പത്തിക സഹായം നൽകാറില്ല. എന്നാലും ഇതൊരു പ്രത്യേക കേസായി എങ്ങനെ കാണാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് വിവരം ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കുന്നതാണ്.

12. ചന്ദ്രബോസ് വധക്കേസ്

<u>ശ്രീ. ബാബു എം. പാലിശ്ശേരി:</u> സർ, വളരെയധികം പ്രതിഷേധത്തോടെയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. വളരെ വിവാദമായ, കേരളം മുഴുവൻ ശ്രദ്ധിച്ച ഒരു കൊലപാതകം തൃശ്ശൂരിൽ നടന്നു. ഒരു സെക്യൂരിറ്റി ജീവനക്കാരനെ ഒരു വിവാദ വ്യവസായി വണ്ടിയിടിച്ചും ചവിട്ടിയും കുത്തിയും കൊലപ്പെടുത്തിയ സംഭവം കേരളം മുഴുവൻ ചർച്ച ചെയ്തതാണ്. തൃശ്ശൂർ സെഷൻസ് കോടതിയിലാണ് ഈ കേസിന്റെ വിചാരണ നടന്നുകൊണ്ടിരുന്നത്. കോളിളക്കം സൃഷ്ടിച്ച

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചന്ദ്രബോസ് കൊലക്കേസിന്റെ വിചാരണ ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. വിചാരണ സ്റ്റേ ചെയ്തകിട്ടണമെന്ന പ്രതിയുടെ ഹർജിയിൽ പ്രോസിക്യൂട്ടർ ഹാജരായി എതിർപ്പ് രേഖപ്പെടുത്തിയില്ല. ഡി.ജി.പി.-ക്ക് നോട്ടീസ് കൊടുത്തതുകൊണ്ടാണ് ഈ ഹർജി ഹൈക്കോടതി പരിഗണനയ്ക്കെടുത്തത്. അതുകൊണ്ടാണ് ഈ പ്രമാദമായ കേസിന്റെ വിചാരണ സ്റ്റേ ചെയ്തത്. വളരെ ഗുരുതരമായ വീഴ്ചയാണ് പ്രോസിക്യൂഷന്റെ ഭാഗത്തുനിന്നും ഈ കേസിലുണ്ടായത്. ഈ കേസിന്റെ അന്വേഷണ ഘട്ടത്തിൽത്തന്നെ സമ്മർദ്ദങ്ങളും ഉന്നത ഇടപെടലുകളും നിരന്തരമായുണ്ടായിട്ടുണ്ടെന്ന് മാധ്യമങ്ങളിൽ ധാരാളം വാർത്തകൾ വന്നതാണ്. നീതി പുലർന്നുകാണണമെന്ന പൊതുപ്രവർത്തകരുടെയും ജനങ്ങളുടെയുമൊക്കെ ശ്രദ്ധയാണ് ഈ കേസിനെ വിചാരണഘട്ടം വരെയെത്തിച്ചത്. ഇത്രയും പ്രമാദമായ ഈ കേസിന്റെ വിചാരണ സ്റ്റേ ചെയ്തകിട്ടണമെന്ന പ്രതിയുടെ ഹർജി പരിഗണനയ്ക്ക് വരുമ്പോൾ പ്രോസിക്യൂട്ടർ ഹാജരാകാതിരുന്നത്, പ്രത്യേകിച്ച് ഡി.ജി.പി. ഹാജരാകാതിരുന്നത് കുറ്റകരമായ അനാസ്ഥയാണ്. വളരെ അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് ചന്ദ്രബോസ് കൊലക്കേസ് വിചാരണയുടെ ഹൈക്കോടതി സ്റ്റേ നീക്കിക്കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ വിഷയത്തിൽ ഇത്തരം തടസ്സങ്ങളുണ്ടായ പല ഘട്ടങ്ങളിലും ബഹു. ആഭ്യന്തര വകുപ്പുമന്ത്രി നേരിട്ട് ഇടപെട്ടിട്ടുണ്ട്, ചന്ദ്രബോസിന്റെ വിധവയ്ക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. സുപ്രീംകോടതിയിൽ കേസ് വന്നപ്പോൾ ആദ്യദിവസം ഗവൺമെന്റ് വക്കീൽ ഹാജരായില്ല. രണ്ടാമത്തെ ദിവസം ബഹു. ആഭ്യന്തര വകുപ്പുമന്ത്രി ഇടപെട്ടാണ് ശ്രീ. കപിൽ സിബൽ ഹാജരാകുന്ന സ്ഥിതിയുണ്ടായത്. എന്തുകൊണ്ടാണ് ഈ കേസിന്റെ വിഷയത്തിൽ മാത്രം ഡി.ജി.പി.-യും പബ്ലിക് പ്രോസിക്യൂട്ടറും ഹാജരാകാതിരുന്നത്? നോട്ടീസ് കിട്ടിയിട്ടും അവർ മാറിനിന്നത് എന്തുകൊണ്ടാണെന്ന് ഗൗരവത്തോടുകൂടി ആലോചിക്കണം; എന്താണ് സംഭവിച്ചതെന്ന് കൃത്യമായി അന്വേഷിക്കണം. ഈ വിഷയത്തിൽ അടിയന്തര ഇടപെടലുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ചന്ദ്രബോസ് വധക്കേസ് കേരളത്തെ ഞെട്ടിപ്പിച്ച ഒന്നാണ്. ഈ കേസ് പേരാമംഗലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് തൃശ്ശൂർ ഫസ്റ്റ് അഡീഷണൽ ജില്ലാ സെഷൻസ് കോടതിയിൽ വിചാരണ നടന്നുവരികയാണ്. ഈ കേസിലെ സാക്ഷിവിസ്താരം പൂർത്തിയായി. ഈ കേസിൽ പ്രതിക്ക് പറയാനുള്ളത് കേൾക്കുന്നതിനായി CrPC 313 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് റിക്കോർഡ് ചെയ്യുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് പോസ്റ്റ് ചെയ്തിരിക്കുകയാണ്. കുറ്റപത്രത്തിനോടൊപ്പം പ്രോസിക്യൂഷൻ ഹാജരാക്കിയ സി.ഡി., ഡി.വി.ഡി. എന്നിവയുടെ അടിസ്ഥാനത്തിൽ കേസന്വേഷിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥനെ ചോദ്യം ചെയ്യണമെന്ന ഹർജിക്കാരന്റെ അപേക്ഷ വിചാരണക്കോടതി നേരത്തേ തള്ളിയിരുന്നു. 7-12-2015-ന് ഉച്ചയ്ക്ക് 2.00 മണിക്ക് പ്രതി Crl.M.C N0. 7647/2015 പ്രകാരം നൽകിയ ഹർജി ബഹുമാനപ്പെട്ട കോടതി പരിഗണിച്ചു. ആയതിന്റെ വാദം ഇന്നത്തേയ്ക്ക് വച്ചിരിക്കുകയാണ്. ഇന്നലെ ഈ കേസ് കോടതിയിൽ പരിഗണനയ്ക്ക് വന്നപ്പോൾ ഗവൺമെന്റ് പ്ലീഡർ കോടതിയിൽ ഹാജരായിരുന്നു. പ്രതിയുടെ അപേക്ഷ അനുസരിച്ച് ബഹുമാനപ്പെട്ട കോടതി, പ്രതിയുടെ 313 CrPC സ്റ്റേറ്റ്മെന്റ് റെക്കോർഡ് ചെയ്യുന്നതിന് രണ്ട് ദിവസത്തേയ്ക്ക് താൽക്കാലിക സ്റ്റേ അനുവദിക്കുകയാണുണ്ടായത്. ഈ കേസിന്റെ വാദം ഇന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി കേൾക്കുന്നതും സർക്കാരിനുവേണ്ടി ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ശ്രീ. ആസിഫ് അലി ഹാജരാകുന്നതുമാണ്. ഈ കേസിന്റെ വിചാരണയ്ക്ക് തൃശ്ശൂർ ഫസ്റ്റ് അഡീഷണൽ ജില്ലാ സെഷൻസ് കോടതിയിൽ ഹാജരാകുന്ന സ്പെഷ്യൽ പ്രോസിക്യൂട്ടർ ശ്രീ. പി. ഉദയഭാനു ഡി.ജി.പി.-യുമായി കൂടിയാലോചിച്ച് വിചാരണ തടസ്സമില്ലാതെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇപ്പോൾ എനിക്ക് കിട്ടിയ വിവരം ശ്രീ. ബാബു എം. പാലിശ്ശേരിയുടെ അറിവിലേയ്ക്ക് പറയുകയാണ്. കുറ്റപത്രത്തോടൊപ്പം പ്രോസിക്യൂഷൻ ഹാജരാക്കിയ സി.ഡി., ഡി.വി.ഡി. എന്നിവയുടെ അടിസ്ഥാനത്തിൽ കേസ് അന്വേഷിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥനെ ചോദ്യം ചെയ്യണമെന്നുള്ള പ്രതിയുടെ അപേക്ഷ വിചാരണകോടതി തള്ളിയതിനെതിരെ ശ്രീ. നിസാം കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 7646/15 എന്ന നമ്പർ ഹർജി ഇന്നേ ദിവസം പരിഗണിച്ച കോടതി, ടയൽ കോടതിയുടെ നടപടി ശരിവച്ച് ശ്രീ. നിസാമിന്റെ അപേക്ഷ തള്ളി ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ശ്രീ. ആസിഫ് അലി ഉൾപ്പെടെയുള്ള അഭിഭാഷകരുടെ കാര്യക്ഷമമായ പരിശ്രമംമൂലം പ്രോസിക്യൂഷന് അനുകൂലമായ തീർപ്പുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സുപ്രീംകോടതിയിൽ കേസ് വന്നപ്പോൾ അഭിഭാഷകർ ഹാജരായില്ലായെന്ന് പറഞ്ഞത് ശരിയാണ്. അതിന്റെ കാരണം, അവർക്ക് നോട്ടീസ് കിട്ടാത്തതു കൊണ്ടാണ്. ആ വാർത്ത ദൃശ്യമാധ്യമങ്ങളിൽ വന്നയുടനെ തന്നെ എ.ജി.-യുമായി ബന്ധപ്പെട്ടു. ഗവൺമെന്റ് വക്കീലിന് നോട്ടീസ് കിട്ടിയില്ല. ഏതായാലും പ്രഗത്ഭ

അഭിഭാഷകനായ ശ്രീ. കപിൽ സിബൽ തന്നെ ഹാജരാകണമെന്ന നിർദ്ദേശം കൊടുക്കുകയും അദ്ദേഹം സുപ്രീംകോടതിയിൽ ഹാജരാവുകയും ചെയ്ത അതുകാരണം കേസ് കേരളത്തിന് വെളിയിലേയ്ക്ക് മാറ്റണമെന്നുള്ള ശ്രീ. നിസാമിന്റെ അപേക്ഷ സുപ്രീംകോടതി തള്ളിക്കളയുകയാണുണ്ടായത്. ഈ കേസിന്റെ കാര്യത്തിൽ ഗവൺമെന്റ് വളരെ ജാഗ്രത പുലർത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർക്ക് ഇക്കാര്യത്തിൽ ഒരാശങ്കയും വേണ്ട. വളരെ നല്ല നിലയിലാണ് പ്രോസിക്യൂഷന്റെ ഭാഗത്തുനിന്ന് നടപടികൾ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്.

13. ഫർക്ക ശുദ്ധജല വിതരണ പദ്ധതി

<u>ശ്രീമതി ഗീതാ ഗോപി:</u> സർ, എന്റെ നിയോജകമണ്ഡലത്തിലെ നാട്ടിക-ഫർക്ക ശുദ്ധജലവിതരണ പദ്ധതിയുടെ നവീകരണവും ശുദ്ധജലവിതരണ ശൃംഖലയുടെ വിപുലീകരണവും മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്ക് ദേശീയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽനിന്ന് (NRDWP) 22 കോടി രൂപ ലഭിച്ചിരുന്നു. ഇതിന് സാമ്പത്തിക അനുമതി ലഭിച്ച സാഹചര്യത്തിൽ നിർദ്ദിഷ്ട പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുത്തി ഔദ്യോഗികതലയോഗങ്ങൾ നിയോജകമണ്ഡലത്തിൽ ചേർന്നിരുന്നു. ഉദ്യോഗസ്ഥതലത്തിലുള്ള നിർദ്ദേശങ്ങളിലായാലും പ്രോജക്ട് ഡിസ്ക്ഷനിലായാലും ഈ പദ്ധതി എത്രയുംവേഗം നടപ്പിലാക്കണമെന്നാണ് യോഗം വിലയിരുത്തിയത്. തീരദേശ മേഖലയുമായി ബന്ധപ്പെട്ട അഞ്ച് മണ്ഡലങ്ങളിലെ ജലക്ഷാമം വളരെ ഗൗരവമായും അടിയന്തരമായും പരിഹരിക്കുന്നതിനുള്ള പദ്ധതിയാണ് നാട്ടിക-ഫർക്ക ശുദ്ധജല വിതരണ പദ്ധതി. 40 വർഷത്തിലധികം പഴക്കമുള്ള നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതിയിൽ കാലഹരണപ്പെട്ട പ്രീമോ പൈപ്പുകളാണ് ഉപയോഗിച്ചിരിക്കുന്നത്. വലിയ ഫോഴ്സിൽ വെള്ളം പമ്പ് ചെയ്താൽ ഈ പൈപ്പുകളെല്ലാം പൊട്ടും. ഇവ മാറ്റി പകരം പുതിയ ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിനാണ് കേന്ദ്ര ഗവണ്മെന്റിന്റെ 22 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിരിക്കുന്നത്. ഈ പദ്ധതിക്ക് സംസ്ഥാന ഇറിഗേഷൻ വകുപ്പിൽനിന്ന് സാങ്കേതികാനുമതി ലഭിക്കേണ്ടതുണ്ട്. തീരദേശ മേഖലയിലെ ജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമായ ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി സത്വര നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly